"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ബീന പി. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 2160/2022-ന്റെ 21.01.2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3784/2022/GEDN തീയതി,തിരുവനന്തപുരം, 27-06-2022

---

പരാമർശം:-

1. ശ്രീമതി. ബീന പി. യുടെ 01.11.2021ലെ ഹർജി (എക്സിബിറ്റ് പി 9).
2. ശ്രീമതി. ബീന പി. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 2160/2022-ന്റെ 21.01.2022-ലെ വിധിന്യായം.
3. മണ്ണാർ ക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.04.2022-ലെ ബി4/607/2022 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 30.04.2022-ലെ ഡി.ഡി.ഇ.പി.കെ.ഡി/651/2022-ബി 5 നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ബീന പി. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 2160/2022-ന്റെ 21.01.2022-ലെ വിധിന്യായത്തിൽ, ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി9 ഹർജി, ഹർജിക്കാരിയെ വാദം കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം, ഹർജിക്കാരിയുടെ പ്രതിനിധിയെ 13.05.2022-ന് ഗൂഗിൾ മീറ്റ് മുഖാന്തരം വാദം കേട്ടു. ഹർജിക്കാരിയുടെ പ്രതിനിധി ചുവടെ പറയുന്ന പ്രകാരം അറിയിച്ചു :

"പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എ. (മലയാളം) ശ്രീ.ജയ് എം.തോമസിന് 20.07.2015-ലെ സ.ഉ.(സാധാ) നം. 2928/2015/പൊ.വി.വ. പ്രകാരം 21.07.2015 മുതൽ അനുവദിച്ച ശൂന്യവേതനാവധി ഒഴിവിൽ എച്ച്.എസ്.എ.(മലയാളം) തസ്തികയിൽ 01.09.2016 മുതൽ 20.07.2020 വരെ ഹർജിക്കാരിയെ മാനേജർ നിയമിച്ചു (Ext.P1). പ്രസ്തുത തസ്തികയിൽ തുടരവേ, 2017-18-ൽ ഉണ്ടായ അധിക തസ്തികയിലേയ്ക്ക് 15.07.2017-ന്

മാനേജർ മാറ്റി നിയമിച്ചു (Ext.P2). പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കുന്നതിന് മുൻപ് 06.02.2021-ലെ സ.ഉ.(പി)നം.4/2021/പൊ.വി.വ. (Ext.P3) ഉത്തരവ് നിലവിൽ വന്നു. അതിനാൽ, മേൽ പ്രകാരമുള്ള അവധി ഒഴിവിലെയും അധിക തസ്തികയിലെയും നിയമനങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചത് സ.ഉ.(പി)നം.4/2021/പൊ.വി.വ. പ്രകാരമുള്ള വ്യവസ്ഥയായ കുടിശ്ശിക സാമ്പത്തിക ആനുകൂല്യങ്ങൾ നോഷണലായി മാത്രമേ ലഭ്യമാകുകയുള്ളുവെന്നും, 06.02.2021 മുതൽ മാത്രമേ ശമ്പള നിരക്ക് അനുവദിക്കുകയുള്ളൂവെന്നും ബാധകമാക്കിക്കൊണ്ടാണ്. എന്നാൽ, അധ്യാപികയെ നിയമിച്ച അവധി ഒഴിവ് 21.07.2015 മുതൽ നിലവിലുള്ളതിനാൽ, ഇവിടെ 29.01.2016-ലെ സ.ഉ.(പി)നം.29/2016/പൊ.വി.വ. ബാധകമല്ല. Ext. P5-P8 സർക്കാർ ഉത്തരവുകൾ വ്യക്തമാക്കുന്നത്, 2015-2016-ലെ ഒഴിവുകൾ നികത്തുന്നതിന് 29.01.2016 മുതൽ നിലവിലുള്ള ചട്ടങ്ങൾ ബാധകമാകുകയില്ല എന്നാണ്. പ്രസ്തുത ഉത്തരവുകളുടെ ചുവടു പിടിച്ച് ശ്രീമതി ബീന പി.യുടെ നിയമനവും, നോഷണലായി കുടിശ്ശിക എന്ന വ്യവസ്ഥ ഒഴിവാക്കി അംഗീകരിക്കേണ്ടതും, അങ്ങനെ സ്വാഭാവികമായി ടിയാൻ 51A അവകാശി ആകുകയും ചെയ്യുന്നു. KER Chapter 21 Rule 7 പ്രകാരം അവകാശിക്ക് ശേഷമേ Protected Teacher-ക്ക് നിയമനം നൽകേണ്ടതുള്ളൂ. Statute ലെ വ്യവസ്ഥ സർക്കാർ ഉത്തരവുകളെ ഓവർറൈഡ് ചെയ്യുന്നതാണ്. കൂടാതെ, 09.11.1999 ലെ സ.ഉ.(എം.എസ്)നം.275/99/പൊ.വി.വ. പ്രകാരം, ടിയാളുടെ Ext.P2 നിയമനം (അധിക തസ്തികയിലെ നിയമനം) ന്യായീകരിക്കാവുന്നതാണ്. അതിനാൽ 06.02.2021-ലെ സ.ഉ.(പി)നം.4/2021/പൊ.വി.വ. വ്യവസ്ഥകൾ ബാധകമാക്കാതെ, 01.09.2016 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് അപ്പീൽ മുഖേന അപേക്ഷിക്കുന്നു".

2. പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ ചുവടെ പറയുന്ന വിവരങ്ങൾ അറിയിച്ചു :

"06.02.2021 ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് 2016-17 മുതൽ 2019-20 വരെയുള്ള അവധി ഒഴിവിലെയും 2017-ലെ അധിക തസ്തികയിലെയും നിയമനങ്ങൾ, നിയമന തീയതി മുതൽ 05.02.2021 വരെ നോഷണൽ ആനുകൂല്യത്തോടെയും, 06.02.2021 മുതൽ ശമ്പളത്തോടെയും അംഗീകരിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായത്. 2016-നു മുമ്പ് നിലവിലുള്ള ഒഴിവുകൾ നിലനിൽക്കുന്നതിനാലാണ് Ext P5 — P8 സർക്കാർ ഉത്തരവ് പ്രകാരം നിയമനങ്ങൾ അംഗീകരിച്ചു നൽകിയിട്ടുള്ളത്".

3 . മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചത് 06.02.2021-ലെ സർക്കാർ ഉത്തരവിന്റെയും 25.02.2021-ലെ എച്ച്2/19500/2019/ഡി.ജി.ഇ. നമ്പർ സർക്കുലറിന്റെയും അടിസ്ഥാനത്തിലാണ് നോഷണലായി ആനുകൂല്യങ്ങൾ അനുവദിച്ചു കൊണ്ട് അവധി ഒഴിവിലെയും അധിക തസ്തികയിലെയും നിയമനം അംഗീകരിച്ചു നൽകിയത് എന്നാണ്.

4. സർക്കാർ, ഹർജിക്കാരിയുടെ വാദം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 06.02.2021-ലെ സ.ഉ.(പി) 4/2021/പൊ.വി.വ. നമ്പർ ഉത്തരവ് 2016-17 മുതലുള്ള എല്ലാ നിയമനങ്ങൾക്കും ബാധകമാണ്. ഒഴിവുകൾ അവധി ഒഴിവുകളാണെങ്കിലും 2015-ൽ നിലനിന്നതായാലും നിയമനം 2016-17 ലാണെങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം, നോഷണലായി മാത്രമേ ശമ്പളം നൽകുവാൻ സാധിക്കുകയുള്ളൂ. ഒരു വർഷം സർവ്വീസ് റെഗുലറൈസ് ചെയ്താലേ 51A അവകാശിയാകുകയുള്ളൂ. ഇവിടെ, 01.09.2016-ൽ അവധി ഒഴിവിൽ നിയമിക്കുകയുണ്ടായതിനാൽ 15.07.2017-ൽ അധിക തസ്തികയിൽ നിയമിക്കുമ്പോൾ, ഒരു വർഷം പൂർത്തിയാക്കുകയോ, സർവ്വീസ് റെഗുലറൈസ് ചെയ്യുകയോ അവധി ഒഴിവിൽ നിയമനാംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ , 51A ആനുകൂല്യം ലഭിക്കുന്നതല്ല. Ext.P5-P8 സർക്കാർ ഉത്തരവുകൾ 2017-ലും 2020-ലും പുറപ്പെടുവിച്ചവയാണ്. അതായത്, 06.02.2021-ലെ സ.ഉ.(പി) നം.4/2021/പൊ.വി.വ. ഉത്തരവിനു മുൻപായി, അന്ന് നിലവിലിരുന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് അവർക്കെല്ലാം നിയമനാംഗീകാരം നൽകിയത്. 06.02.2021-ൽ അതുവരെ പരിഹരിക്കപ്പെടാതെ കിടന്നിരുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമേ ശ്രീമതി.ബീന പി.യുടെ നിയമനാംഗീകാരം നൽകുന്നതിന് സാധിക്കുകയുള്ളൂ. പ്രസ്തുത നിയമനം, കേരള എഡ്യൂക്കേഷൻ ആക്ടിന്റെയും, അതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളുടെയും, സർക്കാരോ കോമ്പിറ്റന്റ് അതോറിറ്റിയോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മറ്റു ചട്ടങ്ങളിലെ നിബന്ധനകൾക്കും വിധേയമായിരിക്കുമെന്ന് Form 27-ൽ തന്നെ മാനേജരും അധ്യാപികയും സമ്മതിച്ചിട്ടുള്ളതാണ്. അതിനാൽ , 01.09.2016 മുതൽ 05.02.2021 വരെ നോഷണലായി മാത്രമേ ശമ്പളം അനുവദിക്കുവാൻ നിർവ്വാഹമുള്ളൂ.

5. മേൽ സാഹചര്യത്തിൽ, മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി. ബീന പി. സർക്കാർ മുമ്പാകെ ഫയൽ ചെയ്ത പരാമർശം (1)-ലെ എക്സിബിറ്റ് പി 9 ഹർജിയിലെ ആവശ്യം നിരസിച്ച് തീർപ്പാക്കി, അപ്രകാരം ഹർജിക്കാരി ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 2160-ന്റെ 21.01.2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

കോർപ്പറേറ്റ് മാനേജർ, എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ, ബാങ്ക് റോഡ്, കോഴിക്കോട് - 673001.

ശ്രീമതി. ബീന പി., എച്ച്.എസ്.ടി. (മലയാളം), എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ, മണ്ണാർക്കാട്, പാലക്കാട് - 678582.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 29-06-2022 10:59:59**

സെക്ഷൻ ഓഫീസർ